ജില്ലാ തലസ്ഥാനങ്ങൾ ബന്ധിപ്പിച്ചുകൊണ്ട് വിമാന സർവ്വീസ്

82 [3968] *ശ്രീമതി രാധാരാഘവൻ:*
ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, എൻ. ഡി. അപ്പച്ചൻ:
,, കെ. ബാബു:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ തലസ്ഥാനങ്ങൾ തമ്മിൽ ഹെലികോപ്റ്റർ സർവ്വീസോ ചെറിയ വിമാനങ്ങളുടെ സർവ്വീസോ കൊണ്ട് ബന്ധിപ്പിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ കണ്ണൂർ, കോഴിക്കോട്, മംഗലാപുരം എന്നിവിടങ്ങളുമായി വിമാന സർവ്വീസ് മുഖേന ബന്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) & (ബി) കേരളത്തിനകത്ത് തേക്കടി, മൂന്നാർ, കൊച്ചി, കുമരകം എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഹെലികോപ്റ്റർ സർവ്വീസ് വഴി ബന്ധിപ്പിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

സഡക് യോജന പദ്ധതി

83 [3970] *ശ്രീ. വി. കെ. ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന മന്ത്രിയുടെ സഡക് യോജന പദ്ധതി പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിൽ വീഴ്ചയുണ്ടാവാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാന്റ് ലഭിക്കുന്ന പി. എം. ജി. എസ്. വൈ. പദ്ധതി പ്രകാരം കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ വൈമുഖ്യം കാണിക്കുകയും വായ്പയായി ലഭിക്കുന്ന നബാർഡ് സഹായത്തിന് കൂടുതൽ താൽപര്യം കാണിക്കുകയും ചെയ്യുന്നതെന്തുകൊണ്ടാണെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യത്തിൽ വീഴ്ചയുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly